നം.ഇ.എസ് 2-85350/2017/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.28/09/2017.

# സർക്കുലർ

വിഷയം - ആ.വ.ഡ - എൽ.ഡി.ക്ലാർക്കുമാരുടെ 01/01/2014 മുതൽ 31/12/2016 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - ഉത്തരവ് നം.ഇ.എസ്2-88500/2014/ആ.വ.ഡ/തീയതി.26/06/2015

സൂചന ഉത്തരവ് പ്രകാരം 01/01/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ എൽ.ഡി.ക്ലാർക്കുമാരുടെ സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു • തുടർന്ന് 01/01/2014 മുതൽ 31/12/2016 വരെയുള്ള കാലയളവിൽ ജോലിയിൽ പ്രവേശിച്ച എൽ.ഡി.ക്ലാർക്ക്മാരുടെ സീനിയോറിട്ടി പട്ടിക തയ്യാറാക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത കാലയളവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ടി വിഭാഗം ജീവനക്കാർ പ്രൊഫോർമ പൂരിപ്പിച്ച് 10/10/2017 നകം സ്ഥാപനമേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. സ്ഥാപന മേധാവി ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നും ഈ തസ്തികയിലേക്ക് നിയമനം നൽകിയിട്ടുള്ളവരുടെ പി.എസ്.സി ശുപാർശ, നിയമന ഉത്തരവ്, ആശ്രിത നിയമനം എങ്കിൽ അത് സംബന്ധിച്ച ഉത്തരവുകൾ എന്നിവയുടെ പകർപ്പ് സേവന പുസ്തകവും പ്രൊഫോർമയുമായി ഒത്തുനോക്കി വിവരങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതും പ്രൊഫോർമയും സേവനപുസ്തകവും ബന്ധപ്പെട്ട രേഖകളോടുകൂടി 15/10/2017 നകം ജില്ലാ മെഡിക്കൽ ആഫീസിലേക്ക് അയച്ചു നൽകേണ്ടതുമാണ്.

ജില്ലാ മെഡിക്കൽ ആഫീസർ ഇങ്ങനെ ലഭിച്ച പ്രൊഫോർമകൾ ബന്ധപ്പെട്ട രേഖകളും സേവനപുസ്തകവുമായി ഒത്ത് നോക്കേണ്ടതും

എന്തെങ്കിലും തെറ്റുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അവ തിരുത്തേണ്ടതുമാണ്.

പരിശോധനകൾ പൂർത്തിയാക്കി സേവന പുസ്തകം അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചയച്ച് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. അനുബന്ധം ബിയിൽ കെ.എസ്.എസ്.ആർ ചട്ടം 27 പ്രകാരം ജില്ലാ തലത്തിൽ സീനിയോറിട്ടി തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സീനിയോറിട്ടി അനുബന്ധം ബി പ്രകാരമുള്ള എക്സൽ ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി, സി.ഡി ആക്കി ഹാർഡ് കോപ്പിയും സി.ഡിയും 25/10/2017 ന് മുമ്പ് നേരിട്ട് ഈ ഓഫീസിൽ എത്തിയ്ക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർക്ക് വേണ്ടി.

പകർപ്പ് -

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.